പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2128

26.03.2013-ലെ മറുപടിയ്ക്ക്

# കൺസ്യൂമർഫെഡിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി.സുധാകരൻ<br>ശ്രീമതി.കെ.കെ.ലതിക<br>ശ്രീ.പി.റ്റി.എ.റഹീം<br>,, കെ.കെ.നാരായണൻ | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ മന്ത്രി) |
| (എ) കൺസ്യൂമർഫെഡിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ; | (എ) ഉണ്ട്.<br>വിപുലീകരണത്തിന്റെ ഭാഗമായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ ചുവടെ പരാമർശിക്കുന്നു:<br>1. 'വീട്ടുമുറ്റത്തൊരു ത്രിവേണി' പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ നിയോജക മണ്ഡലങ്ങളിലേക്കും സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ പ്രവർത്തന സജ്ജമായിട്ടുണ്ട്. ഏഴ് ഒഴുകുന്ന ത്രിവേണി സ്റ്റോറുകൾ (ഫ്ലോട്ടിംഗ് ത്രിവേണികൾ) പ്രവർത്തനം നടത്തിവരുന്നു. മലബാർ ഭാഗത്ത് പ്രവർത്തനം നടത്തുവാനുദ്ദേശിക്കുന്ന 3 ഒഴുകുന്ന ത്രിവേണികളുടെ പണി പൂർത്തീകരിച്ചു വരുന്നു. |

2. 10 ഇനം അവശ്യ നിത്യോപയോഗ സാധനങ്ങൾ പൊതു വിപണിയെക്കാൾ 20% വരെ കുറഞ്ഞ വിലയ്ക്ക് വർഷം മുഴുവൻ ലഭ്യമാക്കി വരുന്ന നന്മ സ്റ്റോറുകൾ (കൺസ്യൂമർ ഫെഡ് നേരിട്ട് നടത്തുന്നതും സഹകരണ സംഘങ്ങൾ മുഖാന്തിരം നടത്തുന്നതും) കൂടുതലായി ആരംഭിയ്ക്കുന്നതാണ്.
3. 2013 വിഷുവിനോടനുബന്ധിച്ചും തുടർന്നുള്ള എല്ലാ ഉൽസവ കാലങ്ങളോടനുബന്ധിച്ചും മുൻ വർഷങ്ങളെക്കാൾ വിപുലമായ രീതിയിൽ സഹകരണ വിപണന മേളകൾ സംഘടിപ്പിച്ച് സർക്കാർ അനുവദിക്കുന്ന നിത്യോപയോഗ സാധനങ്ങൾ അവയിലൂടെ സബ്സിഡി നിരക്കിൽ വിൽപ്പന നടത്തുന്നതാണ്.
4. ഇവ കൂടാതെ നിത്യോപയോഗ സാധനങ്ങൾ ന്യായവിലയ്ക്ക് ലഭ്യമാക്കി വിലക്കയറ്റം നിയന്ത്രിക്കുന്നതിനുള്ള നടപടി തുടരുന്നതുമാണ്.

| | |
|---|---|
| (ബി) കൺസ്യൂമർഫെഡിന്റെ വിവിധ ഔട്ട്ലെറ്റുകളിലൂടെ വിതരണം ചെയ്യുന്ന നിത്യോപയോഗ സാധനങ്ങൾ സംഭരിക്കുന്നതിന് നിലവിലുള്ള നടപടി ക്രമം എന്താണെന്ന് വ്യക്തമാക്കുമോ; | (ബി) പ്രമുഖ പത്രങ്ങൾ, വെബ്സൈറ്റ് എന്നിവയിലൂടെ പരസ്യം നൽകി ക്വട്ടേഷൻ സ്വീകരിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്യുന്ന വിതരണക്കാരെ നേരിട്ട് ബന്ധപ്പെട്ട് അവരുമായി വില നിലവാരം സംബന്ധിച്ച് |

നെഗോഷിയേറ്റ് ചെയ്ത് വിലപരമാവധി കുറപ്പിച്ചും ഗുണനിലവാരം ഉറപ്പുവരുത്തിയും കേന്ദ്രീകൃതമായ രീതിയിലാണ് കൺസ്യൂമർ ഫെഡിന്റെ വിവിധ ഔട്ട്ലെറ്റുകളിലൂടെ വിതരണം ചെയ്യുന്ന നിത്യോപയോഗ സാധനങ്ങൾ സംഭരിക്കുന്നത്. എറ്റവും അധികം വിൽപ്പനയുള്ള അരി ആന്ധ്രയിൽ നിന്നും വാഗൺ വഴി സംസ്ഥാനത്ത് എത്തിച്ചും കോസ്മെറ്റിക്സ് ഇനങ്ങൾ കമ്പനികളിൽ നിന്നും നേരിട്ട് വാങ്ങിച്ചും ഇടനിലക്കാരെ ഒഴിവാക്കി വിലക്കുറവിന്റെ ആനുകൂല്യം പരമാവധി ലഭ്യമാക്കിയാണ് സാധനങ്ങൾ സംഭരിക്കുന്നത്. മില്ലുകളിൽ നിന്നും പഞ്ചസാരയും, മുളക് മുതലായ ഇനങ്ങൾ ഉൽപ്പാദന കേന്ദ്രങ്ങളിൽ നിന്നും നേരിട്ട് സംഭരിക്കാറുള്ളതും പെട്ടെന്ന് കേടുവരുന്നതും പ്രാദേശികമായി മാത്രം ഡിമാന്റ് ഉള്ളതുമായ ചില ഇനങ്ങൾ നിയന്ത്രണങ്ങൾക്ക് വിധേയമായി റീജിയണുകളിൽ നേരിട്ട് വാങ്ങി യൂണിറ്റുകളിലേക്ക് വിതരണം ചെയ്തു വരുന്നു.

(സി) ഉല്പാദന കേന്ദ്രങ്ങളിൽ നിന്നും നിത്യോപയോഗ സാധനങ്ങൾ വാങ്ങുമ്പോൾ അവയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(സി) ഉൽപ്പാദന കേന്ദ്രങ്ങളിൽ നിന്നും നിത്യോപയോഗ സാധനങ്ങൾ വാങ്ങുന്നതിന് മുമ്പായി വാങ്ങുന്ന സാധനങ്ങളുടെ സാമ്പിൾ പർച്ചെയിസ് കമ്മിറ്റി സൂക്ഷ്മമായി പരിശോധിച്ച് ഗുണനിലവാരം ഉറപ്പു വരുത്തുന്നുണ്ട്. സാധനങ്ങൾ ഗോഡൗണുകളിൽ സ്വീകരിക്കുന്നതിന് മുമ്പായി സാമ്പിൾ പ്രകാരമുള്ള

സാധനങ്ങൾ തന്നെയാണ് സപ്ലൈ ചെയ്യുന്നത് എന്ന് ഗോഡൗൺ മാനേജർമാർ ഉറപ്പു വരുത്തുന്നുണ്ട്. ഗുണമേന്മ ഉറപ്പു വരുത്തുന്നതിന് കർശനമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് എങ്കിലും ഏതെങ്കിലും കാരണവശാൽ ഇതിന് വീഴ്ച വരുത്തുന്നവരുടെ പേരിൽ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഉപഭോക്താക്കളാണ് ഉൽപ്പന്നങ്ങളുടെ വിധികർത്താക്കൾ എന്നതിനാൽ അവരുമായി മുഖാമുഖം സംവേദനം നടത്തി ശേഖരിക്കുന്ന അഭിപ്രായങ്ങൾ വിലയിരുത്തി വിൽപ്പന നടത്തുന്ന സാധനങ്ങളുടെ ഗുണമേന്മ ഉറപ്പു വരുത്തുകയും തദനുസൃതമായി അവശ്യഘട്ടങ്ങളിൽ സംഭരണ രീതിയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും ചെയ്തു വരുന്നു.

| | | | |
|---|---|---|---|
| (ഡി) | ഇത്തരം ഇടപാടുകളിൽ ഉണ്ടാകുന്ന കൃത്രിമം തടയുന്നതിന് വിജിലൻസ് സംവിധാനം ശക്തമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി) | സംഭരണ നടപടികൾ സുതാര്യമായാണ് നടത്തുന്നത് എന്നതിനാൽ ഇതു സംബന്ധിച്ച ഇടപാടുകളിൽ കൃത്രിമം നടക്കുന്നതിനുള്ള സാധ്യതകൾ പ്രാരംഭ ഘട്ടത്തിൽതന്നെ തടയപ്പെടുന്നു. റീജിയൺ തലത്തിലും സംസ്ഥാന തലത്തിലും പർച്ചേയ്സ് കമ്മിറ്റികൾ മോണിറ്ററിംഗ് കമ്മിറ്റികൾ ഇവയുടെ മേൽനോട്ടത്തിലാണ് സംഭരണ നടപടികൾ നടത്തുന്നത്. ഇതിന്റെ മേൽനോട്ടവും നിയന്ത്രണവും അവലോകനവും തെരഞ്ഞെടുക്കപ്പെട്ട ഭരണ |

| | | | |
|---|---|---|---|
| | | | സമിതിയംഗങ്ങൾ അടങ്ങുന്ന ബിസിനസ് കമ്മിറ്റിയാണ് നിർവഹിക്കുന്നത്. റീജിയണൽ, ഡിവിഷണൽ, ഹെഡോഫീസ് തലങ്ങളിൽ ഇന്റേണൽ ഓഡിറ്റ് വിഭാഗം പ്രവർത്തിക്കുന്നുണ്ട്. സംഭരണ നടപടികൾ ടി ഓഡിറ്റ് വിഭാഗത്തിന്റെ പരിശോധനയ്ക്ക് വിധേയമായാണ് നടത്തുന്നത്. കൂടാതെ പർച്ചെയ്സ് സംബന്ധിച്ച് നടപടികളിൽ യാതൊരു വിധ വീഴ്ചയോ, കൃത്രിമമോ ഉണ്ടാകുന്നില്ല എന്ന് ഫെഡറേഷൻ ഹെഡോഫീസ് തലത്തിൽ രൂപീകരിച്ചിട്ടുള്ള പരിശോധനാ വിഭാഗം ഉറപ്പ് വരുത്തുന്നുണ്ട്. ടി പരിശോധനാ സംവിധാനം കൂടുതൽ ശക്തമാക്കുന്നതിനും ഫെഡറേഷൻ നടപടി കൈക്കൊണ്ട് വരുന്നു. |
| (ഇ) | നിത്യോപയോഗ സാധനങ്ങൾ ന്യായവിലക്ക് ലഭ്യമാക്കുന്നതിന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും കൺസ്യൂമർഫെഡിന് എന്ത് തുക വീതം നൽകിയെന്നും ഈ സർക്കാർ എന്ത് തുക നൽകിയെന്നും വിശദമാക്കുമോ? | (ഇ) | നിത്യോപയോഗ സാധനങ്ങൾ ന്യായ വിലയ്ക്ക് ലഭ്യമാക്കുന്നതിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തും കൺസ്യൂമർ ഫെഡിന് പ്രതിവർഷം നൽകിയ തുകകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## കഴിഞ്ഞ സർക്കാർ അനുവദിച്ച തുക

| സാമ്പത്തിക വർഷം | തുകകൾ (കോടിയിൽ) |
|---|---|
| 2006-07 | 1.71 |
| 2007-08 | 15.00 |
| 2008-09 | 11.00 |
| 2009-10 | 20.00 |
| 2010-11 | 70.00 |
| ആകെ | 117.71 |

## ഈ സർക്കാർ അനുവദിച്ച തുക

| സാമ്പത്തിക വർഷം | തുകകൾ (കോടിയിൽ) |
|---|---|
| 2011-12 | 30.00 |
| 2012-13 | 69.50 |
| ആകെ | 99.50 |

സെക്ഷൻ ഓഫീസർ